"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ അനിൽ കുമാർ പടാച്ചേരിക്ക് കണ്ണൂർ പയ്യന്നൂർ കോ -ഓപ്പറേറ്റീവ് ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1140/2024/LSGD തീയതി,തിരുവനന്തപുരം, 26-06-2024

---

പരാമർശം:-

1. അനിൽ കുമാർ പടാച്ചേരിയുടെ 05.02.2020 ലെ അപേക്ഷ.
2. 08/10/2020 ലെ ഇപിബി1/94/2020/തസ്വഭവ നമ്പർ സർക്കാർ കത്ത്.
3. അനിൽ കുമാർ പടാച്ചേരിയുടെ 03.11.2021- ലെ അപേക്ഷ.
4. കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ 10.04.2023 -ലെ സി4-23064/2022 നമ്പർ കത്ത്.
5. പഞ്ചായത്ത് ഡയറക്ടറുടെ 13/12/2021 ലെ PAN/7071/2020-F2(DP) നം കത്ത്.

**ഉത്തരവ്**

കണ്ണൂർ പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. അനിൽ കുമാർ പടാച്ചേരി രാമന്തളി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന കാലയളവിൽ കണ്ണൂർ പയ്യന്നൂർ കോ -ഓപ്പറേറ്റീവ് ആശുപത്രിയിൽ 26.10.2019 മുതൽ 11.11.2019 വരെ ഓർത്തോ വിഭാഗത്തിൽ നടത്തിയ ചികിൽസയ്ക്ക് ചെലവായ 38,338/-രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ടി ആശുപത്രി മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 12.06.2020-ലെ 34/2020/ധന നമ്പർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം നിരസിക്കുകയുണ്ടായി. എന്നാൽ, ടി പരിപത്രം പുറപ്പെടുവിക്കുന്നതിന് മുമ്പ് നടത്തിയ ചികിത്സയായതിനാലും അപകടത്തെ തുടർന്ന് അടിയന്തരമായി ചികിത്സ വേണ്ടി വന്നതിനാലുമാണ് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നതെന്ന പരാമർശം (3) പ്രകാരം വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ രാമന്തളി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു. ശ്രീ. അനിൽ കുമാർ പടാച്ചേരിയുടെ ടി ചികിത്സക്ക് ചെലവായ 38,338/- രൂപയിൽ 24,045/- രൂപ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമിൽ അനുവദനീയമാണെന്ന് കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ രാമന്തളി ഗ്രാമ പഞ്ചായത്ത്

ഓഫീസിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന കാലയളവിൽ ശ്രീ.അനിൽ കുമാർ പടാച്ചേരി-യുടെ 26.10.2019 മുതൽ 11.11.2019 വരെ പയ്യന്നൂർ കോ -ഓപ്പറേറ്റീവ് ആശുപത്രിയിലെ ഓർത്തോ വിഭാഗത്തിലെ ചികിൽസയ്ക്ക് ചെലവായ 38,338/-രൂപയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് സാക്ഷ്യപ്പെടുത്തിയ 24,045/- രൂപയുടെ 80% ആയ 19,236/- രൂപ (പത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) 1960-ലെ കേരള ഗവൺമെന്റ് സെർവെന്റ്സ് മെഡിക്കൽ അറ്റൻൻസ് ഉത്തരവിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത , കൃത്യത എന്നിവ പരിശോധിച്ച്ഉറപ്പ് വരുത്തിയ ശേഷം സർക്കാരിന് യാതൊരു ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പ് വരുത്തിയും രാമന്തളി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ അനിൽ കുമാർ പടാച്ചേരി , അസിസ്റ്റന്റ് സെക്രട്ടറി, വയക്കര ഗ്രാമ പഞ്ചായത്ത്, പെരിങ്ങോം, കണ്ണൂർ (പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന [ബന്ധപ്പെട്ട രേഖകൾ സഹിതം]) )
സെക്രട്ടറി, രാമന്തളി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ജില്ലാ മെഡിക്കൽ ഓഫീസർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള , (തിരുവനന്തപുരം/തൃശ്ശൂർ)
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ് , തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/94/2020/തസ്വഭവ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 26-06-2024 16:53:29
സെക്ഷൻ ഓഫീസർ